പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1361 — 06.03.18 - ൽ മറുപടിക്ക്.

## കുടുംബശ്രീയുടെ ശാക്തീകരണത്തിനായുള്ള പദ്ധതികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. വി. അബ്ദുറഹിമാൻ<br>ശ്രീമതി. പി. അയിഷാ പോറ്റി<br>ശ്രീ. പുരുഷൻ കടലുണ്ടി<br>ശ്രീ. എ.എം.ആരിഫ് | ഡോ.കെ.ടി.ജലീൽ<br>(തദ്ദേശ സ്വയം ഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |

(എ) കുടുംബശ്രീയുടെ ശാക്തീകരണത്തിനായി ഈ സർക്കാർ നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുടുംബശ്രീ സംഘടനാ സംവിധാനം ശക്തിപ്പെടുത്തുന്നതിനായി നിരവധി പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. പാർശ്വവൽകൃതർ, അരക്ഷിത സമൂഹങ്ങളിൽ ഉൾപ്പെട്ടവർ എന്നിവർക്കായി പ്രത്യേക അയൽക്കൂട്ടങ്ങൾ രൂപീകരിച്ചിട്ടുണ്ട്. തീരദേശ പഞ്ചായത്തുകളിലെ തീരദേശ വാർഡുകളിൽ കുടുംബശ്രീ പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി 81 തീരദേശ വോളണ്ടിയർമാരെ നിയമിക്കുകയും ഇവരുടെ നേതൃത്വത്തിൽ ഈ മേഖലയിൽ അയൽക്കൂട്ടങ്ങളെ ശക്തിപ്പെടുത്തുന്നതിനായി വിപുലമായ പ്രവർത്തനങ്ങൾ നടത്തി വരുകയും ചെയ്യുന്നു. അയൽക്കൂട്ടങ്ങൾക്ക് സ്വയം വിലയിരുത്തുന്നതിനും അയൽക്കൂട്ട പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനുംവേണ്ടി ദിശ 2017 എന്ന വിപുലമായ ക്യാമ്പയിൻ സംഘടിപ്പിക്കുകയുണ്ടായി. സി.ഡി.എസ്. ചെയർപേഴ്സൺ, വൈസ് ചെയർപേഴ്സൺ, സബ് കമ്മിറ്റി കൺവീനർമാർ, എ.ഡി.എസ്. ചെയർപേഴ്സൺ, സെക്രട്ടറി എന്നീ സി.ഡി.എസ്സ്., എ.ഡി.എസ്സ്. ഭാരവാഹികൾക്ക് സംഘടനാ സംവിധാന ശാക്തീകരണത്തിനുള്ള പരിശീലനങ്ങൾ സംഘടിപ്പിച്ചു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായുള്ള പദ്ധതി സംയോജനം ശക്തിപ്പെടുത്തിയതിലൂടെ 28.4 കോടി രൂപ അധികമായി കുടുംബശ്രീ അംഗങ്ങളുടെ ഉന്നമനത്തിനായി ലഭിച്ചു കുടുംബശ്രീ സംഘടനാ സംവിധാനവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്തി കൂടുതൽ സംയോജന പദ്ധതികൾ നടപ്പിലാക്കുന്നതിനാവശ്യമായ പിന്തുണ നൽകുന്നതിനായി സമന്വയം - 2017 പദ്ധതി നടപ്പിലാക്കി. കുടുംബശ്രീ സ്കൂളിന്റെ ഭാഗമായി 43 ലക്ഷം അംഗങ്ങൾ പങ്കെടുത്ത അനൗപചാരിക വിദ്യാഭ്യാസ പരിപാടിക്ക് തുടക്കം കുറിച്ചു

(ബി) കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ ഏതെല്ലാം പുതിയ മേഖലകളിലേക്ക് വ്യാപിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്;

(ബി) വിപണനവുമായി ബന്ധപ്പെട്ട് കുടുംബശ്രീ ഓൺ ലൈൻ പോർട്ടലിൽ പരമാവധി കുടുംബശ്രീ ഉത്പന്നങ്ങൾ ഉൾപ്പെടുത്തുന്നതിനും ആയതിലൂടെ ഉത്പന്നങ്ങളുടെ നിലവാരം ഉയർത്താനും പദ്ധതിയിടുന്നു. ജില്ലകളിൽ നാനോ മാർക്കറ്റുകൾ വഴി കുടുംബശ്രീ ഉത്പന്നങ്ങളുടെ പ്രദർശനവും വിപണനവും ലക്ഷ്യമിടുന്നുണ്ട്. കുടുംബശ്രീ ബസാറുകൾ എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും ആരംഭിക്കുക, മാസ-ആഴ്ച ചന്തകൾ കൂടുതൽ കാര്യക്ഷമമാക്കുക, സംസ്ഥാനത്തിന് അകത്തും പുറത്തുമുള്ള മേളകളിൽ കുടുംബശ്രീ പങ്കാളിത്തം മെച്ചപ്പെടുത്തുക എന്നിവ ലക്ഷ്യമിടുന്നു.

വരും വർഷം കാർഷിക മേഖലയിൽ ജൈവകൃഷി വ്യാപനത്തിനായി പ്രകൃതി സൗഹൃദ കൃഷി രീതിയിൽ 10,000 ഹെക്ടർ സ്ഥലത്ത് സംഘകൃഷി ഗ്രൂപ്പുകൾ കൃഷി ചെയ്യുന്നതിന് ഉദ്ദേശിക്കുന്നു. നിലവിൽ 5,000 ഹെക്ടർ സ്ഥലത്ത് വരുന്ന ഓണവിപണി ലക്ഷ്യം വച്ച് കൃഷി ആരംഭിച്ചിട്ടുണ്ട്. മാനസിക-ശാരീരിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ മാനസിക ഉല്ലാസത്തിനായി പച്ചക്കറി കൃഷി ആരംഭിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. പതിനാല് ജില്ലകളിലുമായി 140 ഫലവൃക്ഷതൈകളുടെ നെഴ്സറി രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. കാർഷിക മേഖലയിൽ 17 പ്രൊഡ്യൂസർ കമ്പനികൾ രൂപീകരിക്കുന്നതിനു ലക്ഷ്യമിടുന്നു.

മൃഗസംരക്ഷണ വകുപ്പിന്റെ സഹായത്തോടുകൂടി കുടുംബശ്രീ 1000 ഇറച്ചിക്കോഴി വളർത്തൽ യൂണിറ്റുകൾ ആരംഭിക്കുന്നതാണ്. കുടുംബശ്രീയുടെ നേതൃത്വത്തിൽ ഹാച്ചറി യൂണിറ്റുകളും ഈ സാമ്പത്തിക വർഷം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു.

ലൈഫ് മിഷന്റെ നിർമ്മാണാവസരങ്ങളിൽ കുടുംബശ്രീ കൺസ്ട്രക്ഷൻ യൂണിറ്റുകളുടെ പങ്കാളിത്തം ഉറപ്പാക്കാനും നടപടി സ്വീകരിച്ചു

(സി) കുടുംബശ്രീ ഇരുപതാം വർഷത്തിലേക്ക് കടക്കുന്ന വേളയിൽ പുതിയ ഇരുപതിന പരിപാടി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) കുടുംബശ്രീയുടെ 20-ാം വാർഷികം 2018 മെയ് മാസത്തിൽ ആചരിക്കുകയാണ്. ഇതിന്റെ ഭാഗമായി 20 പുതിയ പദ്ധതികൾ ബഹു. ധനകാര്യ വകുപ്പ് മന്ത്രി ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. സംഘടനാ ശാക്തീകരണം, സാമ്പത്തിക ശാക്തീകരണം, സ്ത്രീ ശാക്തീകരണം, സാമൂഹിക ശാക്തീകരണം തുടങ്ങിയ മേഖലകളിലെ പദ്ധതികളാണ് പ്രഖ്യാപിച്ചിട്ടുള്ളത്. കുടുംബശ്രീയുടെ പുതിയ 20 ഇന പരിപാടികൾ ചുവടെ ചേർക്കുന്നു.

1) 2018-19 അയൽക്കൂട്ട വർഷം- മൈക്രോ ഫിനാൻസ് സമ്മിറ്റ്
2) ആയിരം ഇറച്ചിക്കോഴി യൂണിറ്റുകൾ
3) അഞ്ഞൂറ് ചകിരി മില്ലുകൾ
4) സൂക്ഷ്മ സംരംഭ പാർക്കുകൾ

5) സ്റ്റാർട്ട് അപ്പ് വില്ലേജ് എന്റർപ്രണർഷിപ്പ് പദ്ധതി
6) നാനോ മാർക്കറ്റുകൾ
7) വിപണനത്തിന് ഓൺലൈൻ പോർട്ടൽ
8) സൂക്ഷ്മ തൊഴിൽ സംരംഭങ്ങൾക്ക് ടെക്നോളജി ഹബ്ബ്
9) കെ.എസ്.എഫ്.ഇ.-യുമായി ചേർന്ന് കുടുംബശ്രീ ചിട്ടി
10) ജില്ലാ വനിതാ ലീഗൽ ക്ലിനിക്കുകൾ
11) ജില്ലാ കുടുംബശ്രീ പരിശീലന കേന്ദ്രങ്ങൾ
12) ആഗ്രോ സർവ്വീസ് ടീമുകൾ
13) കിണർ റീ ചാർജ്ജിംഗിനായുള്ള സുജലം പദ്ധതി എല്ലാ ജില്ലകളിലേയ്ക്കും
14) ആലപ്പുഴ മാതൃകയിൽ പട്ടിക വർഗ്ഗ സൂക്ഷ്മ പദ്ധതി മറ്റു ജില്ലകളിലേയ്ക്ക്
15) ഇരുന്നൂറ് പുതിയ ബഡ്സ് സ്കൂളുകൾ
16) ആയിരം ജെറിയാട്രിക് കെയർ എക്സിക്യൂട്ടീവുകൾ
17) അരക്ഷിത സമൂഹങ്ങൾക്കുള്ള പ്രത്യേക ഉപജീവന പദ്ധതി- പ്രത്യാശ
18) റിക്കവറി നേരിടുന്ന സംരംഭങ്ങൾക്ക് കടാശ്വാസം
19) കുടുംബശ്രീ അനുഭവത്തെക്കുറിച്ച് 20 ഓർമ്മ പുസ്തകങ്ങൾ
20) 14 മാതൃകാ സ്ത്രീ സൗഹൃദ ഗ്രാമങ്ങൾ

| | | | |
|---|---|---|---|
| (ഡി) | മൃഗസംരക്ഷണ മേഖലയിൽ കുടുംബശ്രീ യൂണിറ്റുകൾ ഏറ്റെടുത്ത് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ? | (ഡി) | മൃഗസംരക്ഷണ മേഖല പ്രവർത്തനങ്ങളുടെ ഭാഗമായി കുടുംബശ്രീ ആട്ടുഗ്രാമം, ക്ഷീരസാഗരം, പോത്തുകുട്ടി വളർത്തൽ, അടുക്കളത്തോട്ട-മുട്ടക്കോഴി വളർത്തൽ പദ്ധതി എന്നീ പ്രവർത്തനങ്ങൾ നടത്തിവരുന്നു. നിലവിൽ ചെയ്തുവരുന്ന പ്രവർത്തനങ്ങളോടൊപ്പം തന്നെ ഈ സാമ്പത്തിക വർഷം ഇറച്ചിക്കോഴി വളർത്തൽ പദ്ധതിയും കുടുംബശ്രീ നടപ്പിലാക്കിവരുന്നുണ്ട്. ഇതിന്റെ ഭാഗമായി വരുന്ന സാമ്പത്തിക വർഷം കുടുംബശ്രീയുടെ നേതൃത്വത്തിൽ സംസ്ഥാനത്തൊട്ടാകെ 1000 ഇറച്ചിക്കോഴി വളർത്തൽ യൂണിറ്റുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ